പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5124 30.06.2014 ൽ മറുപടിക്ക്

# പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിൽ ജീവനക്കാരുടെ ദൗർലഭ്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ശ്രീരാമകൃഷ്ണൻ** | **രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ)പൊന്നാനി മണ്ഡലത്തിലെ പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിൽ ആകെ എത്ര തസ്തികകളാണുളളത്; ഇതിൽ എത്ര തസ്തികകളിൽ ജീവനക്കാരുണ്ട്; | (എ) പെരുമ്പടപ്പ് പോലീസ് സ്റ്റേഷനിൽ 37 തസ്തികകളിൽ 34 പേർ ജോലി നോക്കുന്നു. |
| ബി) മതിയായ പോലീസുകാരില്ലാത്തതു മൂലം പ്രദേശത്ത് അക്രമവും കളവും വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ആ പ്രദേശത്ത് ഇത്തരമൊരു സാഹചര്യം നില നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) പ്രസ്തുത സ്റ്റേഷനിൽ ഇപ്പോൾ സ്ഥിരം സബ് ഇൻസ്പെക്ടർ ഉണ്ടോ; ഇല്ലായെങ്കിൽ ആർക്കാണ് ചുമതല; | (സി) ഉണ്ട്. |
| ഡി) നല്ല സർവ്വീസ് റെക്കോർഡ് ഉള്ള പോലീസുകാരെ ഇവിടെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ഡി) നല്ല സർവ്വീസ് റെക്കോർഡ് ഉള്ള പോലീസുകാരെയാണ് നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ